മിസ്റ്റർ കെ. പി. വള്ളോൻ: കരുവന്തുർ പടന്ന കൊ-ഓപ്പറേറിവ് സൊസൈറിക്ക കറ്റു കൊല്ലങ്ങൾക്കുമുമ്പു് വഞ്ചി തീക്കുന്നതിനു ഗവമ്മെൻറിൽ നിന്നും വല്ല ആനുകൂല്യവും ചെയ്തുകൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വഞ്ചിക്കു തടി കൊണ്ടുവരുന്നതു് മലയിൽ നിന്നാണല്ലൊ. അതുകൊണ്ടു Forest Conservator ഇവക്കു തടി കൊടുത്തിട്ടുണ്ടോ എന്നു് ഈ ഉദ്യോഗത്തിനു് പറയാൻ സാധിക്കുമോ?

Mr. K. Achyuta Menon (*Diwan Peishkar*): I want notice.

Mr. K. S. Panicker (*Ezhuvas-Mukundapuram*): Will the member for Forests enlighten us on the point?

Mr. President: The Diwan Peishkar has given the answer.

FISHING IN AMBALLOOR, KEECHERI, ETC.—CONTRACT FOR.

286. മിസ്റ്റർ സി. കെ. എസ്സ്. മണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെണ്ടു് ദയവായി ഉത്തരം പറയുമോ:—

(*a*) അമ്പല്ലൂർ-കീച്ചേരി കായ്പുകുത്തക ആക്കാണു കൊടുത്തിട്ടുള്ളതു്;

(*b*) സംഖ്യ എത്ര;

(*c*) അവിടത്തെ വാലന്മാർ അതു് ആവശ്യപ്പെട്ടിരുന്നുവോ;

(*d*) അവക്കു കൊടുക്കാമെന്നു പറഞ്ഞു് അവരിൽ നിന്നും കച്ചിട്ടു വാങ്ങിയിരുന്നുവോ?

മിസ്റ്റർ കെ. അച്യുതമേനോൻ: (*a*) കീച്ചേരി വില്ലേജു്, പ്ലാപ്പിള്ളി ദേശത്തു കല്ലുപറമ്പിൽ നിന്നും പുത്തൻപുരക്കൽ താമസിക്കും മുഹമ്മതു് ബാവ എന്ന ആൾക്കു്.

(*b*) പറയുന്നില്ല.

(*c*) ഇല്ല.

(*d*) ഇല്ല.

മിസ്റ്റർ സി. കെ. എസ്സ്. മണി: കായ്പുകളുടേയും ആ സ്ഥലത്തുള്ള നിലത്തിന്റേയും സ്ഥിരാവകാശം കന്നായിട്ടു ലേലംചെയ്തു കൊടുക്കുന്നതാണു് എന്നാണൊ പ്രസിദ്ധപ്പെടുത്തിയിരുന്നതു്?

മിസ്റ്റർ കെ. അച്യുതമേനോൻ: അങ്ങിനെയാണു്.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഇതു രണ്ടും ആദ്യം അവിടത്തെ വാലന്മാർ ലേലം വിളിച്ചിട്ടുണ്ടായിരുന്നൊ?

മിസ്റ്റർ കെ. അച്യുതമേനോൻ: ഉവ്വു്. ഇത്തവണയും അവക്കു ലേലം കൊള്ളാമായിരുന്നു. ലേലം കഴിഞ്ഞതിനുശേഷം ഫിഷറി ഇൻസ്പെക്ടരുടെ റിപ്പോർട്ടപ്രകാരമാണു് അവിടത്തെ വാലന്മാരും അതിനു് ആവശ്യപ്പെട്ടിട്ടുണ്ടെന്നു് അറിഞ്ഞതു്.

മിസ്റ്റർ സി. കെ. എസ്സ്. മണി: രണ്ടാമതു അതു് ലേലം വിളിച്ചോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അച്യുതമേനോൻ: രണ്ടാമത്തെ ലേലം വിളിച്ചില്ല.

മിസ്റ്റർ സി. കെ. എസ്സ്. മണി: ലേലം വിളിച്ചതിനുശേഷം ആ ലേലസംഖ്യക്കു കാപ്പു കിട്ടുന്നതിനു വല്ല വ്യവസ്ഥയും ആവശ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: ലേലം സ്ഥിരപ്പെടുത്തിയതിനുശേഷമാണ് അവർ ആവശ്യപ്പെട്ടിട്ടുള്ളത്.

മിസ്റ്റർ സി. കെ. എസ്സ്. മണി: കാപ്പു കുത്തക കൊടുക്കാമെന്നു അവരോടു കച്ചീട്ടു വാങ്ങിക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: വാങ്ങിച്ചിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: അവിടെയുള്ള വ്യവസായക്കാർക്കു ഗവൺമെൻറ് കൂടുതൽ സഹായം ചെയ്തുകൊടുക്കേണ്ടതു്?

മിസ്റ്റർ കെ. അച്യുതമേനോൻ: അവർ സമയത്തു ആവശ്യപ്പെട്ടിരുന്നുവെങ്കിൽ വലിയ ദോഷമില്ലാത്ത നിലയിൽ ചെയ്തുകൊടുക്കാമായിരുന്നു.

മിസ്റ്റർ സി. കെ. എസ്സ്. മണി: ആരാണു് ഈ ലേലം ചെയ്തതു്.

മിസ്റ്റർ കെ. അച്യുതമേനോൻ: താസിൽദാർ.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഇതിനുമുമ്പു് അവിടെയുള്ള വ്യവസായക്കാർക്കു കൊടുത്തിരുന്നതു്?

മിസ്റ്റർ കെ. അച്യുതമേനോൻ: കഴിഞ്ഞ കൊല്ലത്തിൽ അവർക്കാണു് കൊടുത്തിരുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ: കഴിഞ്ഞ തവണ വ്യവസായക്കാർക്കു കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഇത്തവണ അവരിലാർക്കെങ്കിലും വേണ്ടാ എന്നു ഗവൺമെൻറ് ചോദിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: ഞങ്ങൾ ലേലത്തിനു വെച്ചിരിക്കുന്നു എന്നു പരസ്യംചെയ്തുകഴിഞ്ഞാൽ പിന്നെ ആരോടും ചോദിക്കാറില്ല.

FISH CURING YARD, KATHIALAM—PARTICULARS REGARDING.

287. മിസ്റ്റർ സി. കെ. എസ്സ്. മണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് ദയവായി ഉത്തരം പറയുമോ:—

കാതിയാളം മത്സ്യ ചാപ്പയും മത്സ്യ വ്യവസായ പരസ്പരസഹായ സംഘവും ഏതു താസിൽദാരുടെ കീഴിലാണു്?

മിസ്റ്റർ കെ. അച്യുതമേനോൻ കാതിയാളംമത്സ്യ ചാപ്പയും മത്സ്യ വ്യവസായ പരസ്പരസഹായ സംഘവും കൊച്ചികണയന്നൂർ താസിൽദാരുടെ കീഴിലാണു്.

PRAWN FISHING—VALLARPADOM AND PANAMBUKAD—COMPLAINTS REGARDING.

288. Mr. L. M. Pylee (*Latin Christians-Ernakulam*): Will the Government be pleased to state:—

(*a*) whether complaints have been received from the inhabitants of Vallarpadom and Panambukad desoms against the practice of prawn fishing operations in the paddy fields and

LIBRARY ARCHIVES Kerala Legislative Assembly